"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ആറ്റുകാൽ പൊങ്കാല മഹോത്സവം 2025 - പോലീസ് കൺട്രോൾ റൂം - സ്റ്റേഷനറി സാധനങ്ങളും ഇലക്ട്രോണിക് ഉപകരണങ്ങളും വാങ്ങുന്നതിന് ചെലവായ തുക റിലീസ് ചെയ്യുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2325/2025/LSGD തീയതി, തിരുവനന്തപുരം, 24-09-2025

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 491/2025/തസ്വഭവ; തീയതി 17/02/2025

2. സ.ഉ.(സാധാ) നം. 624/2025/തസ്വഭവ; തീയതി 06/03/2025

3. സ.ഉ.(സാധാ) നം. 7023/2025/ധന; തീയതി 30/08/2025

4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 26.05.2025-ലെ DCTVM/12567/2024-S9 നമ്പർ കത്ത്

**ഉത്തരവ്**

2025-ലെ ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകൾ നിർവഹിക്കേണ്ട പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിലേയ്ക്കായി പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം യഥാക്രമം 1,99,47,421/- രൂപയുടെയും, 69,20,000/- രൂപയുടെയും ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

2. 2025-ലെ ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങളുടെ ഭാഗമായി റോഡ് സേഫ്റ്റി ഉപകരണങ്ങൾ, കൺട്രോൾ റൂം സ്റ്റേഷനറി സാധനങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനു ചെലവായ 12,43,769/- രൂപ (പന്ത്രണ്ട് ലക്ഷത്തി നാൽപത്തിമൂവായിരത്തി എഴുന്നൂറ്റി അറുപത്തി ഒൻപത് രൂപ മാത്രം) അനുവദിക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025, ആറ്റുകാൽ പൊങ്കാല മഹോൽസവത്തിന്റെ മുന്നൊരുക്കങ്ങളുടെ ഭാഗമായി റോഡ് സേഫ്റ്റി ഉപകരണങ്ങൾ, കൺട്രോൾ റൂം സ്റ്റേഷനറി സാധനങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവയ്ക്ക് പരാമർശം (3) ഉത്തരവ് പ്രകാരം അധിക ധനാനുമതിയായി "2217-01-800-94 ആറ്റുകാൽ പൊങ്കാല ഉത്സവത്തിനുള്ള ധനസഹായം (PV)" എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും 12,43,769/- രൂപ (പന്ത്രണ്ട് ലക്ഷത്തി നാൽപത്തിമൂവായിരത്തി എഴുന്നൂറ്റി അറുപത്തി ഒൻപത്

രൂപ മാത്രം) റിലീസ് ചെയ്യുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4. മേൽ പ്രകാരം അധിക ധനാനുമതിയായി ലഭ്യമായ തുക ധന:പുനർവിനിയോഗം / ഉപധനാഭ്യർത്ഥന വഴി നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് ക്രമീകരിക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട ശീർഷകത്തിന്റെ ചുമതലയുള്ള കൺട്രോളിംഗ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

സെക്രട്ടറി, തിരുവനന്തപുരം നഗരസഭ

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കടപ്പനക്കുന്ന്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ധനകാര്യ (ഡെവ - വിംഗ്) വകുപ്പ് (01.09.2025-ലെ ഡെവ-2/147/2025-ധന പ്രകാരം)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (LSGD-IA2/21/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
സെക്ഷൻ ഓഫീസർ
Date: 24-09-2025 13:47:59